പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 162** **06.02.2019 -ൽ മറുപടിക്ക്.**

# റേഷൻ കടകളിൽ മൈക്രോ എ.റ്റി.എം. സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, മുഹമ്മദ് മുഹസിൻ പി.**<br>**,, എൽദോ എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ അരിപ്പൊടി, അപ്പപ്പൊടി, റവ എന്നിവ വിതരണം ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിനും റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിൽപ്പന നടത്തുന്ന നടപടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പൈലറ്റ് പദ്ധതി ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടർന്ന് വരുന്നുണ്ട്. റേഷൻ വിതരണത്തിനുള്ള അരി, ഗോതമ്പ് എന്നിവയിൽ ഒരു ഭാഗം മാവ്, റവ എന്നീ രൂപത്തിലാക്കി വിതരണം ചെയ്യുന്ന കാര്യം ആലോചിച്ചു വരുന്നു. |
| (ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ട എല്ലാവിഭാഗം കാർഡുടമകൾക്കും ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ഇത് എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ട മുൻഗണനേതര കാർഡുടമകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ടൈഡ് ഓവർ വിഹിതത്തിൽ ലഭ്യമാകുന്ന 6459.074 മെട്രിക് ടൺ ഗോതമ്പ് സപ്ലൈകോ മുഖാന്തരം ആട്ടയാക്കി വിതരണം ചെയ്തുവരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013ലെ വ്യവസ്ഥ അനുസരിച്ച് മുൻഗണന വിഭാഗത്തിനു നിലവിൽ ലഭിച്ചുവരുന്ന ഗോതമ്പ് കൂടി ആട്ടയാക്കി പ്രസ്തുത വിഭാഗത്തിന് വിതരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |

(സി) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ആധാർ അധിഷ്ഠിത ഓൺലൈൻ സംവിധാനത്തിലുള്ള റേഷൻ വിതരണം പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ(ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻകാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത്, യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ഏതാനും റേഷൻകടകളിൽ (12 എണ്ണം) കണക്ടിവിറ്റി ഇല്ലാത്തതു മൂലം ഓഫ് ലൈനായി ബില്ലിംഗ് നടക്കുന്നുണ്ട്. നിലവിലുള്ള സർവ്വീസ് പ്രൊവൈഡറിന്റെ കണക്ടിവിറ്റി ലഭ്യമല്ലാത്തതു മൂലം ആണ് ആധാർ അധിഷ്ഠിത ഓൺലൈൻ സംവിധാനം ഈ കടകളിൽ സാധിക്കാത്തത്. ഈ കടകളിൽ കൂടി കണക്ടിവിറ്റി ഉറപ്പു വരുത്തി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റേഷൻവിതരണം സംബന്ധിച്ച വിവരങ്ങൾ epos.kerala.gov.in എന്ന പോർട്ടലിലൂടെ തത്സമയം പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻകാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്.

(ഡി) റേഷൻ കടകളിൽ മൈക്രോ എ.റ്റി.എം. സംവിധാനം ഉപയോഗിച്ച് ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) പരിമിത ബാങ്കിംഗ് സേവനം (മിനി ബാങ്കിംഗ് സർവ്വീസ്) തുടങ്ങുന്നതു സംബന്ധിച്ച് വിവിധ ബാങ്കുകളിൽ നിന്ന് Expression of Interest (EoI) ക്ഷണിച്ചിരുന്നു. ബാങ്കുകൾ സമർപ്പിച്ച ശുപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ